**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 590** **23-06-2026-ൽ മറുപടിയ്ക്ക്**

**കേപ് എഞ്ചിനീയറിംഗ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കാരായി രാജൻ

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സഹകരണ വകുപ്പിന് കീഴിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കേപ് എഞ്ചിനീയറിംഗ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

**മറുപടി:** കേപ്പിന്റെ അധീനതയിലുള്ള തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനു വേണ്ടി കേപ്പ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ഒരു അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, അഞ്ച് അക്കാഡമിക് ബ്ലോക്ക് കെട്ടിടങ്ങൾ, നാലു ലബോറട്ടറികൾ, ഒരു ലേഡീസ് ഹോസ്റ്റൽ എന്നിവ ഉൾപ്പടെ ആകെ 19738 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ എം.എൽ.എ ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മിച്ച 292 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ക്യാന്റീൻ കെട്ടിടത്തിന്റേയും 1510 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഓഡിറ്റോറിയത്തിന്റേയും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

**(ബി)** പ്രസ്തുത എഞ്ചിനീയറിംഗ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി പുതിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**മറുപടി:** തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി തലശ്ശേരി എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പുതിയ ഒരു അക്കാഡമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി രണ്ടു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള തുടർ നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നു. കൂടാതെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ NOC ലഭിച്ചതിൻ പ്രകാരം ക്യാമ്പസിൽ 2 ഏക്കർ സ്ഥലത്ത് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

**സെക്ഷൻ ഓഫീസർ**